# പുതുവത്സര സംഗമം തിരുവനന്തപുരത്ത്

മലങ്കര ഓർത്തഡോക്സ് സഭ തിരുവനന്തപുരം ഭദ്രാസനം ഒരുക്കിയ പുതുവത്സര സംഗമം ശ്രദ്ധേയമായി. ഡോ.ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ 2018 ജനുവരി 10-ാം തീയതി ചേർന്ന സംഗമത്തിൽ കെ.സി.ബി.സി. അദ്ധ്യക്ഷനും ലത്തീൻ അതിരുപതാ ആർച്ചു ബിഷപ്പുമായ ഡോ.എം.സൂസപാക്യം പുതുവത്സര സന്ദേശം നൽകി. ഓഖി പ്രകൃതി ക്ഷോഭത്തിനിരയായവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി.

സംഗമത്തിൽ മന്ത്രിമാരായ സർവ്വശ്രീ മാത്യൂ.റ്റി.തോമസ്സ് , കെ .രാജു, രാമചന്ദ്രൻ കടന്നപ്പള്ളി, ഡോ.ശശിതരൂർ എം.പി, എം.എൽ.എമാരായ സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സുരേഷ് കുറുപ്പ്, മുല്ലക്കരരത്നാകരൻ, കെ.എസ്.ശബരിനാഥ്, ഒ.രാജഗോപാൽ, രാഷ്ട്രീയ നേതാക്കളായ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, സി.പി.ഐ. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ, ജോസഫ് എം പുതുശ്ശേരി, എം.വിജയകുമാർ, എം.എസ്.കുമാർ, സി.പി.ജോൺ; വിവിധ മതനേതാക്കളായ സി.എസ്.ഐ ദക്ഷിണ കേരള മഹാ ഇടവക ബിഷപ്പ് ധർമ്മരാജ് റസാലം, സാൽവേഷൻ ആർമി സംസ്ഥാനാധിപൻ കേണൽ നിഹാൽഹിറ്റാച്ചി, ബിഷപ്പ് ജോർജ് ഈപ്പൻ, യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ, മുൻഅംബാസഡർമാരായ റ്റി.പി.ശ്രീനിവാസൻ, ജോർജ് രാജു, ബാബു പോൾ ഐ.എ.സ്സ, സാജൻ പീറ്റർ ഐ.എ.സ്സ , ഡോ ദിവ്യ എസ്സ് അയ്യർ ഐ.എസ്സ് ,ഡോ.ബിജു ജേക്കബ ഐ.എ. & എ.സ്സ, ഡോ.അലക്സാണ്ടർ ജേക്കബ ഐ .പി .എസ്സ, ഡോ.ജേക്കബ് പൂന്നൂസ് ഐപിഎസ്സ്, ടോമിൻ തച്ചങ്കേരി ഐപിഎസ്സ്, തോമസ്സ്കുട്ടി എ.ജെ, സാംസ്കാരിക നേതാക്കളായ പെരുമ്പടവം ശ്രീധരൻ, പ്രഭാവർമ്മ, അടൂർ ഗോപാലകൃഷ്ണൻ, ഡോ.എം.രാധാകൃഷ്ണൻ, വൈദിക ട്രസ്റ്റി ഫാ.ഡോ. എം ഓ ജോൺ, ആത്മായ ട്രസ്റ്റി ജോർജ് പോൾ, അസോസ്സിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ, ഭദ്രാസന സെക്രട്ടറി ഫാ. പി ജി ജോസ്, വിവിധ മാധ്യമപ്രവർത്തകർ തുടങ്ങി വിവിധ തുറകളിൽനിന്നുള്ള നിരവധി നേതാക്കൾ സംഗമത്തിൽ സംബന്ധിച്ചു.